## ഗലാത്തിയ 1 - 6

ആധുനികതുർക്കിയുടെ ഭാഗമാണ് ഏഷ്യാമൈനറിൽ ഗലാത്തിയ എന്നറിയപ്പെടുന്ന റോമൻ പ്രവിശ്യ. ഇതിലുൾപ്പെട്ടിരുന്ന പ്രദേശങ്ങൾ രാഷ്ട്രീയസാഹചര്യങ്ങൾക്കനുസരിച്ച് വ്യത്യസ്തങ്ങളായിരുന്നതുകൊണ്ട് ലേഖനത്തിൽ പരാമർശിക്കുന്ന 'ഗലാത്തിയായിലെ സഭകൾ' വടക്കൻഗലാത്തിയായിലെയോ തെക്കൻഗലാത്തിയായിലെയോ സഭകളാകാം. നടപടി പുസ്തകത്തിന്റെ സാക്ഷ്യമനുസരിച്ച് ആദ്യത്തെയും രണ്ടാമത്തെയും പ്രേഷിതയാത്രയ്ക്കിടയിൽ അപ്പസ്തോലൻ തെക്കേ ഗലാത്തിയാ സന്ദർശിച്ചു (അപ്പ 13,14.51; 14,16; 16,17). രണ്ടാം യാത്രയിലും (അപ്പ 16,6) മൂന്നാം യാത്രയിലും (അപ്പ 18,2) വടക്കൻ ഗലാത്തിയായിലൂടെ കടന്നുപോയതായി കാണുന്നു. അദ്ദേഹം സ്ഥാപിച്ച സഭകളിലെ അംഗങ്ങളിൽ ഭൂരിഭാഗംപേരും വിജാതീയക്രിസ്ത്യാനികളായിരുന്നു (ഗലാ 4,8; 5,2.3,6.12.13). വടക്കൻ ഗലാത്തിയായിലെ രണ്ടാം സന്ദർശനത്തിനുശേഷം (അപ്പ 18,23; ഗലാ 4,1) എ.ഡി. 54-55ൽ എഫേസോസിൽനിന്നാണ് ഈ ലേഖനമെഴുതിയതെന്ന് കരുതപ്പെടുന്നു.

ക്രിസ്തുവിലൂടെ ദൈവം സകലർക്കുമായി നല്കിയ രക്ഷയുടെ സുവിശേഷം (ഗലാ 1,11.12) ഗലാത്തിയായിലെ സമൂഹത്തോടു പ്രഘോഷിച്ചതിന്റെ ഫലമായി സ്ഥാപിക്കപ്പെട്ട സഭകൾ (ഗലാ 3,1-5) പില്ക്കാലത്ത് യഹൂദക്രിസ്ത്യാനികൾ സന്ദർശിക്കുകയും മറ്റൊരു സുവിശേഷം (ഗലാ 1,7) അവരെ അറിയിക്കുകയും ചെയ്തു. പരിച്ഛേദനവാദികളുടെ പക്ഷപ്രകാരം, പൗലോസ് ഗലാത്തിയായിൽ ഒരു ഭാഗികസുവിശേഷമാണ് അറിയിച്ചത് (3,1-5). അതായത്, രക്ഷപ്രാപിക്കണമെങ്കിൽ മോശയുടെ നിയമാനുഷ്ഠാനവും തിരുനാളുകളുടെ ആചരണവും നിയമപ്രകാരമുള്ള ഭക്ഷണക്രമവും പാലിക്കാൻ നിബന്ധനയില്ലാത്ത ഒരു സുവിശേഷം. ഈ പശ്ചാത്തലത്തിലാണ് വിജാതീയക്രൈസ്തവർ ഭൂരിഭാഗമായിരുന്ന സഭകളോട് യഥാർഥസുവിശേഷത്തിന്റെ (ഗലാ 1,1.11.12; 4,1-7) ആന്തരാർഥങ്ങൾ വാദമുഖങ്ങളായി അവതരിപ്പിക്കുന്നത്.

യഥാർഥസുവിശേഷത്തിൽനിന്ന് ഗലാത്തിയായിലെ സമൂഹം വ്യതിചലിച്ചതിനാൽ ക്ഷുഭിതനാണ് പൗലോസ്. അതിനാൽ സാധാരണകത്തുകളിൽ കണ്ടുവരുന്ന കൃതജ്ഞതാപ്രകാശനം ഈ കത്തിൽ ഇല്ല. പകരം, ഒരു വാക്യത്തിൽ ദൈവത്തിന് മഹത്ത്വമർപ്പിക്കുന്നു (1,5).

**1,1: മനുഷ്യരിൽനിന്നോ:** പൗലോസിന്റെ ശുശ്രൂഷ ഏതെങ്കിലുമൊരു സമൂഹത്താലോ വ്യക്തിയാലോ നല്കപ്പെട്ട മാനുഷിക വിളിയല്ല (ഫിലി 2,25; 2 കോറി 8,23). തന്റെ അപ്പസ്തോലികാധികാരം പലരും ചോദ്യം ചെയ്തതിനാൽ പൗലോസ് നല്കുന്ന ന്യായീകരണമാണിവിടെ. **അപ്പസ്തോലനായിരിക്കുന്ന:** അയയ്ക്കപ്പെട്ടവൻ എന്നാണ് 'അപ്പോസ്തൊലോസ് എന്ന ഗ്രീക്കുപദത്തിന്റെ അർഥം. ദൈവത്തിന്റെയും ഉത്ഥിതനായ ക്രിസ്തുവിന്റെയും നിയോഗപ്രകാരമാണ് പൗലോസ് 'അയയ്ക്കപ്പെട്ടിരിക്കുന്നത്'.

**1,2: ഗലാത്തിയായിലെ സഭകൾക്ക്:** 'സഭാക്കൂട്ടായ്മ' എന്നർഥം വരുന്ന 'എക്ലേസിയാസിസ്' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. റോമിന്റെ കീഴിലുള്ള ഗലാത്തിയാപ്രവിശ്യയിലെ ഇക്കോണിയ, പിസീദിയൻ അന്ത്യോക്യാ, ലിസ്ത്രാ, ദെർബേ എന്നീ പ്രദേശങ്ങളിലുള്ള വിശ്വാസക്കൂട്ടായ്മകൾക്കാണ് പൗലോസ് ഈ കത്ത് എഴുതുന്നത്.

**1,3: കൃപയും സമാധാനവും:** പൗലോസിന്റെ തനതായ ഒരു ആശംസയാണിത് (റോമാ 1,7; 1 കോറി 1,3; 2 കോറി 1,2). 'കൃപ' എന്നർഥം വരുന്ന greek word 'ഖാരിസ്' ക്രിസ്തുവിലൂടെ ദൈവം നല്കിയ രക്ഷയെ സൂചിപ്പിക്കുന്നു. ഈ കൃപയിലൂടെ ദൈവമനുഷ്യബന്ധത്തിൽ സംജാതമാകുന്ന അവസ്ഥയാണ് സമാധാനം ('എയ്റേനെ'). ☞ 1 കോറി 1,3.

**1,5: ആമേൻ:** ആരാധനയിലെ ഈ പ്രത്യുത്തരത്തിന് ഹീബ്രുഭാഷയിൽ 'അപ്രകാരം തന്നെ ആയിരിക്കട്ടെ' എന്നാണർഥം.

**1,6: ആശ്ചര്യം തോന്നുന്നു:** 'വിസ്മയിപ്പിക്കുക, അമ്പരപ്പിക്കുക' എന്നീ അർഥങ്ങൾ വരുന്ന 'തൗമാറ്റ്സോ' എന്ന ഗ്രീക്കുക്രിയാപദം പൗലോസിന്റെ അത്ഭുതവികാരത്തെ സൂചിപ്പിക്കുന്നു. ഗലാത്തിയാസഭയിലെ വിശ്വാസികൾ വ്യാജപ്രബോധകരുടെ പ്രേരണയാൽ വികലമായ പ്രബോധനങ്ങളിലേക്ക് വഴിതെറ്റിപ്പോയതിലുള്ള പൗലോസിന്റെ വിഷമവും വേദനയും ക്ഷോഭവും ഇത് കുറിക്കുന്നു.

**1,8: ഒരു ദൂതൻതന്നെയോ:** സുവിശേഷത്തിന്റെ ആധികാരികത സ്ഥാപിക്കാൻ പൗലോസ് ഉപയോഗിക്കുന്ന അതിശയോക്തി. **ശപിക്കപ്പെട്ടവനാകട്ടെ:** 'അനാഥെമ' ('ശപിക്കപ്പെട്ടത്') എന്ന ഗ്രീക്കുപദം ദൈവവചനത്തെപ്രതിയുള്ള അപ്പസ്തോലന്റെ വൈകാരികക്ഷോഭം പ്രകടിപ്പിക്കുന്നു.

**1,13: ഉന്മൂലനംചെയ്യാൻ:** 'പൊർത്തെയോ' എന്നതിനർഥം 'ഇല്ലായ്മ ചെയ്യുക, നശിപ്പിക്കുക' എന്നാണ്. യഹൂദസമൂഹത്തിന്റെ പാരമ്പര്യങ്ങളിലുള്ള അമിതമായ തീക്ഷ്ണതമൂലം ആദിമക്രൈസ്തവസമൂഹത്തെ പൗലോസ് ഉന്മൂലനംചെയ്യാൻ ശ്രമിച്ചു (അപ്പ 8,1-3; 9,1.22; 26,9-11). ആദിമക്രൈസ്തവ സമൂഹത്തെ

ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത് 'ദൈവത്തിന്റെ സഭ' എന്നാണ്. എക്ലേസിയ (എഫേ 1,22).

**1,14: പിതാക്കന്മാരുടെ പാരമ്പര്യങ്ങളിൽ:** നിയമപണ്ഡിതനായ ഗമാലിയേലിന്റെ കീഴിൽ വിദ്യ അഭ്യസിച്ച പൗലോസും (അപ്പ 22,3) ഇതേ പാത പിന്തുടർന്നിരുന്നു (ഫിലി 3,6).

**1,15: എന്നെ വേർതിരിച്ചു:** 'മാറ്റിനിറുത്തി', 'പ്രത്യേകമായി നിയോഗിച്ചു' എന്നൊക്കെ അർഥം വരുന്ന 'അഫോരിറ്റ്സോ' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവം തന്റെ സന്ദേശവാഹകരെ അവരുടെ ജനനത്തിനു മുൻപുതന്നെ വേർതിരിച്ച് മാറ്റിനിറുത്തുന്നു എന്ന പ്രവാചകപാരമ്പര്യത്തിൽ പൗലോസ് തന്നെയും ഉൾപ്പെടുത്തി സംസാരിക്കുന്നു (cf. ഏശയ്യാ 49,1; ജറെ 1,5).

**1,16: മാംസരക്തങ്ങളോട്:** മനുഷ്യനെ സൂചിപ്പിക്കുന്ന സെമിറ്റിക് പ്രയോഗം (പ്രഭാ 14,18; മത്താ 16,17).

**1,17: അറേബ്യായിലേക്ക്:** പാലസ്തീനായുടെ വടക്ക് ദമാസ്കസ് മുതൽ തെക്ക് ചെങ്കടൽ വരെയുള്ള നബാത്തിൽ രാജ്യം. ഹോറെബ് എന്ന് വിളിക്കപ്പെടുന്ന സീനായ് മലമ്പ്രദേശത്തേക്ക് പൗലോസ് യാത്ര ചെയ്തിരിക്കാമെന്നാണ് പരമ്പരാഗതവിശ്വാസം. ഇവിടെയാണ് മോശയും ഏലിയായും ദൈവത്തോട് ഹൃദ്യമായി സംസാരിച്ചത് (പുറ 19,2.3; 1 രാജാ 19,8-18).

**1,18: മൂന്നുവർഷത്തിനുശേഷം:** പൗലോസിന്റെ ഒരുക്കത്തിന്റെ കാലഘട്ടമാണിത്. അറേബ്യായിലെ ഈ വാസത്തിനുശേഷം ദമാസ്ക്കസിലെത്തുന്ന പൗലോസ് ഉടനേതന്നെ ജറുസലേമിലേക്ക് യാത്രയാകുന്നുണ്ട്. **കേപ്പായെ:** ശിമയോൻ പത്രോസിനുള്ള ഈ പേരിന് പാറ എന്നാണർഥം (മത്താ 16:18). ഈ പേരാണ് പൗലോസ് തന്റെ ലേഖനങ്ങളിൽ കൂടുതൽ ഉപയോഗിക്കുന്നത് (1 കോറി 1,12; 9,5; 15,5). **സന്ദർശിക്കാൻ:** 'ഹിസ്റ്റോറെയോ' എന്ന ഗ്രീക്കുപദത്തിന് 'നേരിൽക്കണ്ട് അറിയുക', 'പരിചയപ്പെടുക' എന്നീ അർഥങ്ങളുണ്ട്. യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും ഈ സമയം പൗലോസ് അന്വേഷിച്ചറിഞ്ഞിരിക്കണം.

**1,19: കർത്താവിന്റെ സഹോദരനായ യാക്കോബിനെയല്ലാതെ:** 'അദെൽഫോസ്' ('സഹോദരൻ') സെമിറ്റിക് ശൈലിയിൽ അടുത്ത ബന്ധത്തിൽപ്പെട്ടവരെ സൂചിപ്പിക്കാൻ ഉപയോഗിക്കാറുണ്ട് (മർക്കോ 6,3). യേശുവിന്റെ ബന്ധത്തിൽപ്പെട്ടവനും ജറുസലേംസഭയിൽ പ്രധാനസ്ഥാനം വഹിച്ചിരുന്ന വ്യക്തിയുമായ (ഗലാ 2,9) യാക്കോബ് പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരുവനല്ല.

**1,21: സിറിയാ, കിലിക്യാ:** പൗലോസിന്റെ ജന്മസ്ഥലമായ താർസൂസ് കിലിക്യായിലും വിജാതീയർക്കുള്ള സുവിശേഷവേലയുടെ കേന്ദ്രമായ അന്ത്യോക്യാ സിറിയായിലുമായിരുന്നു (cf. അപ്പ 22,3; 13,1-3).

**2,1-10:** പൗലോസിന്റെ ജറുസലേമിലേക്കുള്ള രണ്ടാമത്തെ യാത്രയെക്കുറിച്ചുള്ള (cf. ഗലാ 1,18) വിവരണമാണിത്. ഈ യാത്ര പൗലോസും ബർണബാസും യൂദയായിലെ സഭയ്ക്ക് സഹായവുമായി പോയതായിരുന്നെന്ന (അപ്പ 11,28-30) അഭിപ്രായമുണ്ടെങ്കിലും അവർ ജറുസലേം സൂനഹദോസിൽ പങ്കെടുക്കാൻ പോയതാണ് (അപ്പ 15,1-29).

**2,1: പതിനാലുവർഷത്തിനുശേഷം:** ദമാസ്കസിലെ മാനസാന്തരത്തിനുശേഷമുള്ള പതിനാലുവർഷങ്ങൾ എന്ന അർഥമാകാമെങ്കിലും ജറുസലേമിലേക്കുള്ള ആദ്യയാത്രയ്ക്കു ശേഷമുള്ള കാലഘട്ടമാണ് ഇവിടെ സൂചിപ്പിക്കുന്നത് (ഗലാ 1,18.21). **തീത്തോസിനെയും:** പൗലോസിന്റെ സഹപ്രവർത്തകനായ (2 കോറി 2,13; 7,6.13-15; 8,6.16) വിജാതീയക്രിസ്ത്യാനിയും ക്രേത്തേയിലെ ക്രിസ്തീയസമൂഹത്തിന്റെ നേതാവും. ☞ തീത്തോ 1,4. **ബർണബാസിനോടുകൂടെ:** സുവിശേഷപ്രഘോഷണത്തിൽ പൗലോസിന്റെ സഹപ്രവർത്തകനായ പ്രേഷിതൻ (അപ്പ 4,36.37; 11,22-25.30; 12,25; 13,1-3; 15,2). 'ആശ്വാസപുത്രൻ' എന്നാണ് ബർണബാസ് എന്ന പേരിനർഥം. ഇദ്ദേഹം സൈപ്രസ് സ്വദേശിയായ ലേവായനാണ്. ☞ അപ്പ 4,36.

**2,2: ഒരു വെളിപാടനുസരിച്ചാണ്:** ദൈവിക ഇടപെടലിനെ സൂചിപ്പിക്കുന്ന 'അപ്പോക്കലിപ്സിസ്' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് (cf. 1,12). ജറുസലേമിലേക്കുള്ള പൗലോസിന്റെ യാത്ര മാനുഷികാധികാരികളുടെ ആജ്ഞപ്രകാരമല്ല, മറിച്ച് ദൈവത്തിന്റെ ഹിതമാണ്. **അവതരിപ്പിക്കുകയും ചെയ്തു:** പൗലോസ്, താൻ പ്രസംഗിക്കുന്ന സുവിശേഷം യേശുക്രിസ്തുവിൽനിന്നു നേരിട്ട് ലഭിച്ചതായിരുന്നിട്ടും (1,2) ജറുസലേമിലെ അപ്പസ്തോലന്മാരുടെ മുമ്പിൽ അവതരിപ്പിച്ചു (അപ്പ 15,2).

**2,9: യാക്കോബും കേപ്പായും യോഹന്നാനും:** കർത്താവിന്റെ സഹോദരനായ യാക്കോബ് (1,19), പത്രോസ് (യോഹ 1,42), യോഹന്നാൻ എന്നിവർ അപ്പസ്തോലന്മാരുടെ കൂട്ടായ്മയിലെ പ്രധാനികളായി ഗണിക്കപ്പെട്ടിരുന്നു. പുതിയനിയമത്തിൽ അപ്പസ്തോലന്മാരുടെ പേരുകൾ ഉദ്ധരിക്കുമ്പോൾ പത്രോസിന്റെ പേര് ആദ്യം എഴുതുന്ന പതിവിൽനിന്നും (മത്താ 10,2; മർക്കോ 3,16; യോഹ 21,2) വ്യത്യസ്തമാണ് ഇവിടെയുള്ള പേരുകളുടെ ക്രമം. പത്രോസ് നഗരം വിട്ടുപോയശേഷം (അപ്പ 12,17) ജറുസലേംസഭയുടെ ആത്മീയ ഇടയനായിരുന്നു യാക്കോബ്. **കൂട്ടായ്മയുടെ വലത്തുകരം:** സഭയുടെ ഐക്യം സൂചിപ്പിക്കാൻ 'കൊയ്നോനിയ' എന്ന ഗ്രീക്കുപദം ഉപയോഗിച്ചിരിക്കുന്നു. 'വലത്തുകരം നീട്ടിത്തന്നു' എന്നതിനർഥം സഹപ്ര

വർത്തകർ എന്ന നിലയിൽ എല്ലാവിധ സഹായസഹകരണങ്ങളും ഇവർ വാഗ്ദാനംചെയ്തു എന്നാണ്.

**2,10: പാവങ്ങളെ ഓർമിക്കണം:** സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന 'പ്തോക്കോസ്' എന്ന ഗ്രീക്കുപദമാണ് ഇവിടെയുള്ളത്. ജറുസലേം സഭയിലുള്ളവരെയാകാം ഇവിടെ ഉദ്ദേശിക്കുന്നത്. ഇവർക്ക് സാധിക്കുന്നവിധത്തിലുള്ള സഹായങ്ങളെല്ലാം ചെയ്യണമെന്ന് ഓർമപ്പെടുത്തുന്നു (റോമ 15,25-33; 2 കോറി 8-9).

**2,11: അന്ത്യോക്യായിൽ:** പാലസ്തീനായുടെ വടക്ക്, റോമാക്കാരുടെ അധീനതയിലുള്ള സിറിയായുടെ തലസ്ഥാനമാണിത്. വിജാതീയരെ സുവിശേഷം അറിയിക്കാൻ പൗലോസ് തന്റെ പ്രേഷിതപര്യടനം ആരംഭിക്കുന്നത് അന്ത്യോക്യായിൽ നിന്നാണ് (അപ്പ 13,1-3). ക്രിസ്തീയവിശ്വാസം സ്വീകരിച്ച യഹൂദരെയും വിജാതീയരെയും ഒരു കൂട്ടായ്മയിൽ ആദ്യമായി കൊണ്ടുവന്നത് അന്ത്യോക്യായിലെ സഭയാണ് (അപ്പ 11,19-26). **അവനിൽ കുറ്റംകണ്ടതുകൊണ്ട്:** 'കത്താഗിനോസ്കോ' എന്ന ക്രിയാപദത്തിന്റെ അർഥം 'കുറ്റക്കാരെന്നു വിധിക്കുക' എന്നതാണ് (cf 1 യോഹ 3,20-21). പത്രോസിന്റെ പ്രവൃത്തി ശിക്ഷയർഹിക്കുന്ന അപരാധമാണെന്നാണ് പൗലോസിന്റെ പക്ഷം.

**2,12: പിൻമാറിക്കളഞ്ഞു:** പിൻവലിയുക, ഭയത്തോടെ മാറിപ്പോകുക എന്നീ അർഥങ്ങളുള്ള 'ഹ്യുപ്പോസ്തെല്ലോ' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

**2,13: കപടമായി പെരുമാറിയതിനാൽ:** 'ഹ്യുപ്പോക്രിസിസ്' എന്ന വാക്കിനർഥം 'മുഖംമൂടി വച്ചു മറച്ച് മറ്റൊന്നായി അഭിനയിക്കുക' എന്നാണ്. പത്രോസിന്റെയും ഇതര യാഥാസ്ഥിതിക യഹൂദരുടെയും ബർണബാസിന്റെയും പ്രവൃത്തികളെ കപടനാട്യം എന്നാണ് പൗലോസ് വിശേഷിപ്പിക്കുന്നത്.

**2,16: നിയമത്തിന്റെ പ്രവൃത്തികളിലൂടെയല്ല:** 'ദികായിയോഓ' എന്ന ഗ്രീക്കുപദം ക്രിസ്തുവിൽ രക്ഷിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. പാപത്തിൽനിന്നുള്ള മോചനവും ദൈവികജീവന്റെ നിറവും ജ്ഞാനസ്നാനത്തിലൂടെ ദൈവികകുടുംബത്തിലേക്കുള്ള ദത്തെടുക്കലും ഇത് ഉൾക്കൊള്ളുന്നുണ്ട് (1 കോറി 6,11; തീത്തോ 3,5).

**2,18: ഞാൻ നശിപ്പിച്ചവ:** 'റദ്ദാക്കുക' എന്നർഥമുള്ള 'കത്തലുഓ' എന്ന ഗ്രീക്കുക്രിയാപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വിജാതിയരുടെ വിഗ്രഹാരാധനയിൽനിന്ന് ഇസ്രായേലിനെ രക്ഷിച്ച മതിലായിരുന്നു തോറാ. ഇവരെ വേർതിരിക്കുന്ന മതിൽ ക്രിസ്തു ഇല്ലാതാക്കി (എഫേ 2,14), പുതിയ ഉടമ്പടിയിൽ ഒന്നിപ്പിച്ചു (3,8).

**2,19: നിയമത്തിലൂടെ നിയമത്തിനു മൃതനായി:** 'അപോത്നെസ്കോ' (മരിക്കുക) എന്ന ഗ്രീക്കുപദത്തിന് 'സ്വതന്ത്രമാകുക' എന്ന പ്രതീകാത്മക അർഥവുമുണ്ട്.

**3,1: ഭോഷരായ:** 'അനോയേത്തോസ്' എന്ന ഗ്രീക്കുപദം വിവേകശൂന്യരായവരെയാണ് കുറിക്കുന്നത്. ഭൗതികാർഥത്തിലുള്ള ബുദ്ധിശൂന്യതയോ, വിഡ്ഢിത്തമോ അല്ല, മറിച്ച് വിശ്വാസത്തിലൂടെ ക്രിസ്തുവിൽ പൂർണമായി ഒന്നുചേരാൻ പരാജയപ്പെട്ടവരുടെ വിവേകമില്ലായ്മയാണ് ഇത് അർഥമാക്കുന്നത്. വശീകരിക്കുക, ദോഷൈകദൃക്കോടെ ക്ഷുദ്രവിദ്യപ്രയോഗിക്കുക എന്നർഥം വരുന്ന 'ബസ്കെയ്നോ' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. യഹൂദപക്ഷക്കാരുടെ സ്ഥാപിതതാത്പര്യത്തോടെയുള്ള സമ്മർദതന്ത്രങ്ങൾ ഇത് അർഥമാക്കുന്നു.

**3,2:** 'ശ്രവിക്കൽ' എന്ന അർഥമുള്ള 'അക്കോയേ' എന്ന ഗ്രീക്കുപദം 'കേട്ട് അനുസരിക്കൽ' എന്നും മനസ്സിലാക്കാം. ജ്ഞാനസ്നാനംവഴി സ്വീകരിക്കുന്ന ക്രിസ്തുവിലുള്ള വിശ്വാസം പിഞ്ചെല്ലുക, അഥവാ അനുസരിക്കുക (അപ്പ 2,38) എന്നാണ് ഇവിടെ അർഥം.

**3,4: സഹിച്ചവയത്രയും:** 'പാസ്ഖോ' എന്ന ഗ്രീക്കുക്രിയാപദം സൂചിപ്പിക്കുന്നത് ക്രൈസ്തവർക്ക് നേരിടേണ്ടിവന്ന മതമർദനങ്ങളോ പീഡനങ്ങളോ വേദനാജനകമായ അനുഭവങ്ങളോ ആണ്.

**3,11: നീതിമാൻ ... ജീവിക്കുന്നത്:** ബാബിലോൺകാരുടെ ആക്രമണത്തിനിടയിൽ ദൈവത്തിൽ ഉറച്ചുവിശ്വസിക്കുന്ന ഇസ്രായേൽക്കാർക്ക് ദൈവകൃപവഴി രക്ഷയും മഹാവിപത്തുകളിൽനിന്നു മോചനവും ലഭിക്കുമെന്ന് ഹബ 2,4-ൽ പറയുന്നു. ഈ ഉദ്ധരണിയിലൂടെ ദൈവത്തിലുള്ള ഒരു വ്യക്തിയുടെ അടിയുറച്ച വിശ്വാസമാണ് നീതിമത്കരണത്തിന്റെ അടിസ്ഥാനമെന്ന് പൗലോസ് വ്യക്തമാക്കുന്നു.

**3,13: മരത്തിൽ തൂക്കപ്പെടുന്നവൻ ...:** നിയ 21,23-ന്റെ ഉദ്ധരണി. ദൈവകോപം ഒഴിവാക്കാൻ വധിക്കപ്പെട്ട കുറ്റവാളികളെ മരത്തിൽതൂക്കിയിരുന്നതിനെ ഇതു സൂചിപ്പിക്കുന്നു (സംഖ്യ 25,4; 2 സാമു 21,9). പൗലോസിനെ സംബന്ധിച്ചിടത്തോളം, കുരിശിൽ മരിച്ചതിലൂടെ ക്രിസ്തു നമ്മെപ്രതി ശാപമായിത്തീരുകയും നമ്മെ നിയമത്തിന്റെ ശാപത്തിൽനിന്നു വീണ്ടെടുക്കുകയും ചെയ്തു.

**3,14:** ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'എപ്പങ്കേലിയ' (വാഗ്ദാനം) എന്ന ഗ്രീക്കുപദം തുടർന്നും കാണപ്പെ

ടുന്നുണ്ട് (3,16-18.21.22.29; 4,23.28). ക്രിസ്തുവിലൂടെ നല്കപ്പെടുന്ന പരിശുദ്ധാത്മദാനം വിശ്വാസത്തിലൂടെയാണ് എല്ലാവർക്കും സംലഭ്യമാകുന്നത്.

**3,15: ഒരുവന്റെ ഉടമ്പടി:** 'ദിയാത്തെക്കെ' സാധാരണഗ്രീക്കിൽ 'മരണപത്രം', 'ഒസ്യത്ത്' എന്നും സപ്തതിയിൽ 'ഉടമ്പടി' എന്നും അർഥമാക്കുന്നു.

**3,16:** 'സന്തതി' എന്നർഥം വരുന്ന 'സ്പെർമാ' എന്ന ഏകവചനഗ്രീക്കുപദം ഇവിടെ ഉപയോഗിക്കുന്നതുവഴി, ദൈവം ഇസ്മായേലിനെ ഒഴിവാക്കി ഇസഹാക്കിനെ തിരഞ്ഞെടുക്കുന്നതും (ഗലാ 4,28-31; റോമാ 9,7.8) ഇസഹാക്ക് ക്രിസ്തുവിന്റെ പ്രതിരൂപമാണെന്നതും പൗലോസ് അർഥമാക്കുന്നു.

**3,17: നാനൂറ്റിമുപ്പതുവർഷങ്ങൾക്കുശേഷം:** ഇസ്രായേൽ ഈജിപ്തിൽ വസിച്ചിരുന്ന കാലഘട്ടമാണിത് (പുറ 12,40). അബ്രാഹവുമായി നടത്തിയ ഉടമ്പടി യാക്കോബിനോടു വീണ്ടും നടത്തുകയും (ഉത്പ 28,14) നാലു നൂറ്റാണ്ടുകൾക്കുശേഷം മോശയുമായുള്ള ഉടമ്പടിവഴി (പുറ 19-24) സ്ഥിരീകരിക്കുകയും ചെയ്തു.

**3,18: പാരമ്പര്യാവകാശം:** 3,14-ൽ പരാമർശിക്കുന്ന വാഗ്ദാനം ചെയ്യപ്പെട്ട ആത്മാവിനെയാണ് 'ക്ലെറോനോമിയ' എന്ന ഗ്രീക്കുപദം സൂചിപ്പിക്കുന്നത്. നിയമപാലനത്തിനുള്ള സമ്മാനമല്ല, മറിച്ച് ദൈവത്തിന്റെ വാഗ്ദാനത്തിന്റെ ഫലമാണ് പരിശുദ്ധാത്മദാനം (എഫേ 1,13.14).

**3,19: പാപങ്ങൾ നിമിത്തം:** 'ഖാരിൻ' എന്നതിന് 'വേണ്ടി' (ലക്ഷ്യം) എന്നും 'കാരണം' എന്നും അർഥമാകാം.

**ദൂതന്മാർവഴി:** LXX നിയ 33,2 അടിസ്ഥാനമാക്കിയുള്ള ഒരു യഹൂദപാരമ്പര്യമനുസരിച്ച്, ദൂതന്മാരുടെ കൈകളിൽനിന്നാണ് മോശ നിയമം സ്വീകരിച്ചത് (അപ്പ 7,53; ഹെബ്രാ 2,2).

**3,21: ജീവദായകമായ ഒരു നിയമം:** നിയമം ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് വിരുദ്ധമല്ല എന്ന് പറയുന്ന പൗലോസ് നിയമം ജീവദായകമല്ല എന്ന് സമർഥിക്കുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'റ്റ്സോവോപൊയ്യെയോ' എന്ന ഗ്രീക്കുപദം ശാരീരിക ജീവനല്ല, ഉത്ഥിതമായ ജീവനാണ് ഉദ്ദേശിക്കുന്നത്.

**3,23: നിയമത്തിന്റെ കാവലിലായിരുന്നു:** 'സംരക്ഷിക്കുക' എന്നർഥം വരുന്ന 'ഫ്രൂരെയോ' എന്ന ഗ്രീക്കുപദം ഇസ്രായേല്ക്കാർ നിയമത്തിന്റെ 'കാവലിൽ' ആയിരുന്നു എന്നു വ്യക്തമാക്കുന്നു.

**3,27: ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു:** 'വസ്ത്രം ധരിക്കുക' എന്നർഥമുള്ള 'എൻഡ്യുഓ' എന്ന ഗ്രീക്കുപദമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിനെ സ്വീകരിച്ചിരിക്കുന്നു എന്നാണ് വിവക്ഷ.

**4,3: ആദിശക്തികൾക്ക്:** 'സ്റ്റോയ്ഖെയ്യാ' എന്ന ഗ്രീക്കുപദത്തിന് യവനസംസ്കാരത്തിൽ വിവിധ അർഥസാധ്യതകളുണ്ട്: 1. ഭൂമിയുടെ മൂലഘടകങ്ങളായി കരുതപ്പെടുന്ന മണ്ണ്, വായു, അഗ്നി, ജലം (2 പത്രോ 3,10); 2. പ്രപഞ്ചശക്തികളെ നിയന്ത്രിച്ചിരുന്നതും വിജാതീയർ വണങ്ങിയിരുന്നതുമായ അരൂപികൾ (ജ്ഞാനം 13,2); 3. വിജാതീയർ ദൈവികത്വം കല്പിച്ചിരുന്ന ആകാശഗോളങ്ങൾ (നിയ 4,10); 4. ശിക്ഷണത്തിന്റെ ആദ്യതത്ത്വങ്ങൾ (ഹെബ്രാ 5,12). ഇവിടെ 'ആദിശക്തികളുടെ കീഴിൽ' എന്നത് നിയമത്തിന് അടിപ്പെട്ടു ജീവിക്കുന്നത് ഉദ്ദേശിക്കുന്നു (ഗലാ 3,23-25). മതത്തിന്റെ പ്രാഥമികകാര്യങ്ങൾ പഠിപ്പിക്കുന്നതുകൊണ്ടാണ് തോറയെ ആദിശക്തികളുമായി ബന്ധിപ്പിക്കുന്നത്.

**4,9:** ഇവിടെയുള്ള 'എപ്പിസ്ട്രെഫോ' എന്ന ഗ്രീക്കുപദം തന്നെയാണ് മാനസാന്തരപ്പെട്ട് ദൈവത്തിലേക്കു തിരിച്ചുവരുന്നതും വിജാതീയർ യഥാർഥവിശ്വാസത്തിലേക്കു വരുന്നതും (1 തെസ്സ 1,9) സൂചിപ്പിക്കാൻ പൗലോസ് ഉപയോഗിക്കുന്നത്. ഗലാത്തിയാക്കാർ ഇച്ഛിക്കുന്നതാകട്ടെ, ഇതിനു വിപരീതമായി അടിമത്തത്തിലേക്കു പോകാനാണ്.

**4,13: ശാരീരികാസ്വാസ്ഥ്യമുള്ള:** 'അസ്ഥെനെയ്യ' എന്ന ഗ്രീക്കുപദം മാനുഷിക ബലഹീനത, രോഗം എന്നീ അർഥങ്ങളിൽ ഉപയോഗിക്കാറുണ്ട്. അദ്ദേഹത്തിന്റെ നേത്രരോഗമോ (4,15; 6,11) അപസ്മാരമോ ശാരീരിക അസ്വസ്ഥതയോ (2 കോറി 12,7-9) ആകാം ഇവിടെ സൂചനയെന്ന അഭിപ്രായങ്ങളുണ്ട്.

**4,23: വാഗ്ദാനപ്രകാരവും:** 'എപ്പങ്കെലിയ' എന്ന ഗ്രീക്കുപ്രയോഗം ദൈവം അബ്രാഹത്തിന് കൊടുത്ത വാക്കനുസരിച്ചും ദൈവിക ഇടപെടൽമൂലവും ആണ് ഇസഹാക്കിന്റെ ജനനമെന്ന് സൂചിപ്പിക്കുന്നു (ഉത്പ 15,2-4; 17,15-19). ഇസ്മായേലാകട്ടെ, സ്വാഭാവികരീതിയിലാണ് ജനിച്ചത് (ഉത്പ 16,3.4).

**5,1: സ്വാതന്ത്ര്യത്തിലേക്ക്:** 'എലെവുഥെരിയ' എന്ന ഗ്രീക്കുപദം നിയമത്തിൽനിന്നുള്ള വിടുതലിനെയാണ് സൂചിപ്പിക്കുന്നത്. **അടിമത്തത്തിന്റെ നുകത്തിന്:** യഹൂദനിയമങ്ങളും അവയിൽ അടങ്ങിയിരിക്കുന്ന മതാനുഷ്ഠാനനിബന്ധനകളുമാണ് പ്രതീകാത്മകമായി ഇവിടെ അവതരിപ്പിക്കുന്നത്.

**5,15: കടിച്ചുകീറുകയും വിഴുങ്ങുകയും:** 'കടിച്ചുകീറുക' എന്നർഥം വരുന്ന 'ദക്നോ', 'വിഴുങ്ങുക' എന്നർഥം വരുന്ന 'കത്തെസ്തിയോ' എന്നീ ഗ്രീക്കുപദങ്ങൾ പ്രതീകാത്മക അർഥത്തിലാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ദ്രോഹിക്കുക, വ്രണപ്പെടുത്തുക എന്നും നശിപ്പിക്കുക എന്നും ഈ വാക്കുകൾ യഥാക്രമം അർഥമാക്കുന്നു. ഗലാത്തിയായിലെ വിഭാഗീയചിന്തകളും വഴക്കുകളുമാണ് അപ്പസ്തോലൻ ഇവിടെ ഉദ്ദേശിക്കുന്നത്.

**5,19: ജഡത്തിന്റെ വ്യാപാരങ്ങൾ:** റോമാ 13,12-ലെ 'അന്ധകാരത്തിന്റെ പ്രവൃത്തികൾ' എന്നതിനോട് സമാനമായ പ്രയോഗമാണിത്.

**6,1: വീണ്ടെടുക്കുവിൻ:** 'കത്താർതീറ്റ്സോ' എന്നതിനർഥം ക്രമത്തിലാക്കുക, വീണ്ടെടുക്കുക എന്നൊക്കെയാണ്. തെറ്റായ ചുവട്, തിന്മ എന്നർഥം വരുന്ന 'പരാപ്തോമാ' എന്ന ഗ്രീക്കുപദവും ഇവിടെ ഉപയോഗിച്ചിരിക്കുന്നു. ക്രമം തെറ്റിനടക്കുന്നവരെ ക്രമത്തിലാക്കുക എന്നതാണ് പൗലോസിന്റെ ഉപദേശം. ആത്മാവിൽ വ്യാപരിക്കേണ്ട മനുഷ്യൻ (5,16.18) വഴിമാറി നടക്കുന്നത് കാണുമ്പോൾ തിരിയേ കൊണ്ടുവരണമെന്നുള്ള ആഹ്വാനമാണിവിടെ.

**6,4: വിലയിരുത്തട്ടെ:** 'ദോകിമാറ്റ്സോ' എന്ന ഗ്രീക്കുക്രിയാപദം സ്വന്തംജീവിതത്തിന്റെ മാറ്റ് നോക്കുക, സ്വയം വിമർശനാത്മകമായി പരിശോധിക്കുക എന്നെല്ലാം വിവക്ഷിക്കുന്നു (cf.1 കോറി 3,10-15; 11,28; 2 കോറി 13,5; 1 തെസ്സ 5,21).